Uncorrected/Not for Publication

**06-02-2019-ന് നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 152-ന് നിയമസഭയിൽ മറുപടി നൽകുന്ന വേളയിൽ ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച അട്ടപ്പാടിയിലെ ശിശുമരണങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ട സംശയത്തിന് സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്**

അട്ടപ്പാടി മേഖലയിൽ ഗോത്രവർഗ്ഗ കുട്ടികൾ പോഷകാഹാര കുറവുമൂലം മരണപ്പെടുന്നത് സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ 2013-ൽ സമർപ്പിക്കപ്പെട്ട ഒരു പരാതി പരിഗണിച്ച കമ്മീഷൻ, അന്ന് കേരള സർക്കാർ റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 38 കുട്ടികളുടെ കുടുംബങ്ങൾക്ക് Protection of Human Rights Act 1993, Section 18 പ്രകാരം 1 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം അനുവദിക്കുന്നതിന് ചീഫ് സെക്രട്ടറിക്ക് 24-07-2014-ൽ നിർദ്ദേശം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2013 വരെ അട്ടപ്പാടി മേഖലയിൽ മരണപ്പെട്ട 38 കുട്ടികളുടെ കുടുംബത്തിന് ഒരാൾക്ക് 1 ലക്ഷം രൂപ വീതം മൊത്തം 38 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് 26-04-2017-ലെ GO(RT) No. 1186/2017/H&FWD പ്രകാരം ഉത്തരവായി. ഈ ഉത്തരവ് അനുസരിച്ച് 38 പേരുടെ കുടുംബങ്ങൾക്ക് തുക വിതരണം ചെയ്തതായി പാലക്കാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും

ഇക്കാര്യം ദേശീയ മനുഷ്യാവകാശ കമ്മീഷനെ അറിയിക്കുകയുമുണ്ടായി.

2014-നുശേഷം 2017 മെയ് വരെ മരണപ്പെട്ട 34 കുട്ടികളുടെ കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ഓഫീസർ സമർപ്പിച്ച കുടുംബങ്ങളുടെ ലിസ്റ്റ് ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് അയച്ചുതന്നു. ഈ ലിസ്റ്റ് അനുസരിച്ച് 2014 മുതൽ 2017 മെയ് വരെ മരണപ്പെട്ട കുട്ടികളുടെ എണ്ണം താഴെപ്പറയുന്ന പ്രകാരമാണ്.

| വർഷം | എണ്ണം |
|---|---|
| 2014 | 6 |
| 2015 | 12 |
| 2016 | 8 |
| 2017(upto May) | 8 |
| Total | 34 |

ഇതിന്റെ അടിസ്ഥാനത്തിൽ 04-11-2017-ലെ GO (RT) No. 3195/2017/H&FWD പ്രകാരം 34 ലക്ഷം രൂപ 2075-00-800-15-NC നമ്പർ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവായി. തുക അനുവദിക്കുന്നതിന് അഡീഷണൽ ആതറൈസേഷനുവേണ്ടി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടതനുസരിച്ച് 28-12-2018-ലെ

GO(RT)No.10628/2018/Fin പ്രകാരം 27 ലക്ഷം രൂപയും 05-02-2019-ലെ GO(RT)No.880/2019/Fin പ്രകാരം 6 ലക്ഷം രൂപയും അനുവദിച്ചു.

മേൽപ്പറഞ്ഞ 27 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ ആയി ധനകാര്യ വകുപ്പ് അനുവദിച്ചത് 2018-19-ലെ സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സിൽ (ഡിസംബർ 2018) ഉൾപ്പെടുത്തി റഗുലറൈസ് ചെയ്തു.

2018-19 വർഷത്തെ എസ്.ജി.ഡി.യുടെ FINAL BATCH നിയമസഭാ അംഗീകരിച്ച ശേഷം പ്രസിദ്ധപ്പെടുത്തിയ ഡോക്യുമെന്റിൽ (പേജ് നമ്പർ 28) മേൽ പരാമർശിക്കപ്പെട്ട 27 ലക്ഷം രൂപയുള്ള അഡീഷണൽ ആതറൈസേഷൻ റഗുലറൈസ് ചെയ്തത് പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടികുറിപ്പായി (പേജ് നമ്പർ 29), അട്ടപ്പാടി മേഖലയിൽ മരണപ്പെട്ട 34 ഗോത്രവർഗ്ഗ കുട്ടികളുടെ കുടുംബത്തിനുള്ള സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ തുക അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കപ്പെട്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. 34 കുട്ടികളുടെ എണ്ണം എന്നത് 2014 മുതൽ 2017 മെയ് വരെ ഉള്ളതാണ്. നിയമസഭയിൽ '13 കുട്ടികളുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് പറഞ്ഞത് 2018-ലെ ശിശുമരണങ്ങളുടെ എണ്ണം ആണ്'.